# പ്രാദേശിക വാർത്തകൾ

TIME: 06.30 PM DATE: 28.08.2025

## പ്രധാനവാർത്തകൾ

1) പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ജപ്പാൻ, ചൈന സന്ദർശനങ്ങൾക്ക് ഇന്ന് തുടക്കം. ഇന്ത്യ-ജപ്പാൻ വാർഷിക ഉച്ചകോടിയിലും, ഷാങ്ഹായ് സഹകരണ ഉച്ചകോടിയിലും പ്രധാനമന്ത്രി പങ്കെടുക്കും.
2) പദ്ധതികളുടെ ആനുകൂല്യങ്ങൾ എല്ലാ വിഭാഗങ്ങൾക്കും ഒരുപോലെ ലഭ്യമാകുന്നുണ്ടെന്ന് കേന്ദ്ര സർക്കാർ ഉറപ്പ് വരുത്തുന്നതായി കേന്ദ്രസഹമന്ത്രി ജോർജ് കുര്യൻ.
3) മണ്ണിടിച്ചിൽ തുടരുന്ന സാഹചര്യത്തിൽ താമരശ്ശേരി ചുരത്തിലൂടെയുള്ള ഗതാഗതം പൂർണമായും നിരോധിച്ചു. എമർജൻസി വാഹനങ്ങൾ മാത്രം കടത്തിവിടും. കുറ്റ്യാടി ചുരത്തിലും നേരിയ മണ്ണിടിച്ചിൽ.
4) കാസർഗോഡ് തലപ്പാടി ബസ് അപകടത്തിൽ മരണസംഖ്യ ആറായി.
5) സംസ്ഥാനത്ത് ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ആറ് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത.
6) കേരള ക്രിക്കറ്റ് ലീഗിൽ, ട്രിവാൻഡ്രം റോയൽസിനെതിരെ കൊച്ചി ബ്ലൂ ടൈഗേഴ്സിന് 9 റൺസ് ജയം.

&&&&&&&&&&&&&&&&&&

പ്രധാനമന്ത്രി

PNU TVPM

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ജപ്പാൻ, ചൈന സന്ദർശനങ്ങൾക്ക് ഇന്ന് തുടക്കം. ജാപ്പനീസ് പ്രധാനമന്ത്രി ഷിഗെരു ഇഷിബയ്ക്കൊപ്പം 15-ാമത് ഇന്ത്യ-ജപ്പാൻ വാർഷിക ഉച്ചകോടിയിൽ പ്രധാനമന്ത്രി പങ്കെടുക്കും. ഇരുരാജ്യങ്ങൾക്കും ഇടയിലെ തന്ത്രപ്രധാന പങ്കാളിത്തത്തെക്കുറിച്ച് നേതാക്കൾ ചർച്ച ചെയ്യും. പ്രതിരോധം, സുരക്ഷ, സമ്പദ് വ്യവസ്ഥ, സാങ്കേതികവിദ്യ തുടങ്ങി വിവിധ മേഖലകളിലെ സഹകരണ സാധ്യതകളും ചർച്ചയാവും. ശ്രീ മോദിയുടെ എട്ടാമത് ജപ്പാൻ സന്ദർശനമാണിത്. ഓഗസ്റ്റ് 31, സെപ്റ്റംബർ 1 തീയതികളിൽ പ്രധാനമന്ത്രി ചൈന സന്ദർശിക്കും. ടിയാൻജിനിൽ നടക്കുന്ന, ഷാങ്ഹായ് സഹകരണ സംഘടനയുടെ 25-മത് നേതൃതല ഉച്ചകോടിയിൽ പ്രധാനമന്ത്രി പങ്കെടുക്കും. ചൈനീസ് പ്രസിഡൻറ് ഷീ ജിൻപിങ്ങിൻറെ ക്ഷണപ്രകാരമാണ് സന്ദർശനം.

&&&&&&&&&&&&&&&&&&

**ജോർജ്ജ് കുര്യൻ (ഇൻട്രോ)**

ജനങ്ങൾക്കായി ആവിഷ്കരിച്ചിട്ടുള്ള വികസന ക്ഷേമ പദ്ധതികൾ രാജ്യത്തിൻ്റെ വളർച്ച ലക്ഷ്യമിട്ടുള്ളവയാണെന്ന് കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ. ന്യൂനപക്ഷ മത്സ്യത്തൊഴിലാളി സമൂഹത്തെ ശാക്തീകരിക്കുന്നത് ലക്ഷ്യമിട്ടുള്ള 'മത്സ്യശക്തി' പദ്ധതി തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ജനങ്ങൾ അധ്വാനിക്കുന്നതിൻ്റെ ഫലമായാണ് രാഷ്ട്രം വികസിക്കുന്നതെന്ന് കേന്ദ്ര സഹമന്ത്രി പറഞ്ഞു. വിവിധ പദ്ധതികളുടെ ആനുകൂല്യങ്ങൾ എല്ലാ വിഭാഗങ്ങൾക്കും ഒരുപോലെ ലഭ്യമാകുന്നതായി കേന്ദ്ര സർക്കാർ ഉറപ്പ് വരുത്തുന്നുണ്ടെന്നും ശ്രീ ജോർജ്ജ് കുര്യൻ വ്യക്തമാക്കി.

(ഹോൾഡ്)

സെൻട്രൽ മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ തിരുവനന്തപുരം വിഴിഞ്ഞം റീജിയണൽ സെന്റർ ആണ് മത്സ്യശക്തി പദ്ധതി നടപ്പാക്കുന്നത്. കേന്ദ്ര ന്യൂനപക്ഷകാര്യ മന്ത്രാലയവും കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനവും തമ്മിൽ ഇത് സംബന്ധിച്ച ധാരണാപത്രവും ഒപ്പ് വച്ചു.

&&&&&&&&&&&&&&&&&&

RNU TVPM

**അയ്യങ്കാളി ജന്മദിനം**

കേരള നവോത്ഥാനത്തിന്റെ മുന്നണി പോരാളിയായ മഹാത്മാ അയ്യങ്കാളിയുടെ 162-ാം ജന്മവാർഷിക ദിനത്തോടനുബന്ധിച്ച് സംസ്ഥാനത്ത് വിപുലമായ പരിപാടികൾ നടന്നു. സാമൂഹ്യനീതിയുടെയും, ശാക്തീകരണത്തിൻറെയും പ്രതീകമായിരുന്നു മഹാത്മാ അയ്യൻകാളിയെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി സമൂഹമാധ്യമത്തിൽ കുറിച്ചു. ആധുനിക കേരളത്തിന് അടിത്തറ പാകുന്നതിൽ, അദ്ദേഹം വഹിച്ച പങ്ക് നിസ്തുല മാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ അനുസ്മരിച്ചു. ദിനാചരണ ത്തോടനുബന്ധിച്ച് പട്ടികജാതി പട്ടികവർഗ വകുപ്പിൻറെ അഭിമുഖ്യത്തിൽ തിരുവനന്തപുരം കനകക്കുന്ന് മുതൽ വെള്ളയമ്പലം വരെ നടന്ന ഘോഷയാത്ര മന്ത്രി ഒ ആർ കേളു ഫ്ലാഗ് ഓഫ് ചെയ്തു. വെള്ളയമ്പലത്തെ അയ്യൻകാളി പ്രതിമയിൽ പുഷ്പാർച്ചനയും തുടർന്ന് അനുസ്മരണ സമ്മേളനവും നടന്നു.

&&&&&&&&&&&&&&&&&&

RNU TVPM

**താമരശ്ശേരി ചുരം (ഇൻട്രോ)**

താമരശ്ശേരി ചുരത്തിൽ മണ്ണിടിച്ചിൽ തുടരുന്ന സാഹചര്യത്തിൽ ഇതുവഴിയുള്ള ഗതാഗതം ഇനിയൊരു അറിയിപ്പുണ്ടാകുന്നതു വരെ പൂർണമായും നിരോധിച്ചു . ആംബുലൻസ് ഉൾപ്പെടെയുള്ള എമർജൻസി വാഹനങ്ങൾ പോലീസിന്റെ അനുമതിയോടെ കടത്തിവിടും.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി കോഴിക്കോട് ജില്ലാ പ്രതിനിധി നസീർ ബാബു..

(ഹോൾഡ്)

&&&&&&&&&&&&&&&&&&

**കുറ്റ്യാടി ചുരം**

കോഴിക്കോട് കുറ്റ്യാടി ചുരത്തിലും നേരിയ മണ്ണിടിച്ചിൽ. വാഹന ഗതാഗതത്തെ ഇത് ബാധിച്ചിട്ടില്ല. മണ്ണ് നീക്കാനുള്ള നടപടികൾ തുടങ്ങി. ഗതാഗതക്കുരുക്കിന് സാധ്യതയുള്ളതിനാൽ കുറ്റ്യാടി ചുരം

വഴിയുള്ള അത്യാവശ്യമല്ലാത്ത യാത്രകൾ ഒഴിവാക്കണമെന്ന് അധികൃതർ നിർദ്ദേശിച്ചു.

&&&&&&&&&&&&&&&&&&

**മരണസംഖ്യ ആറായി-കാസർഗോഡ്**

കാസർഗോഡ് തലപ്പാടിയിലുണ്ടായ ബസ് അപകടത്തിൽ മരണസംഖ്യ ആറായി ഉയർന്നു. നിയന്ത്രണം വിട്ട കർണാടക ആർ.ടി.സി. ബസ്, സമീപത്തുണ്ടായിരുന്ന ഓട്ടോറിക്ഷ ഇടിച്ച് തെറിപ്പിച്ച ശേഷം കാത്തിരിപ്പ് കേന്ദ്രത്തിലേക്ക് പാഞ്ഞു കയറുകയായിരുന്നു. പരിക്കേറ്റ 3 പേരുടെ നില അതീവ ഗുരുതരമായി തുടരുകയാണ്. ഇന്ന് ഉച്ചയോടെയാണ് നാടിനെ നടുക്കിയ അപകടം നടന്നത്. ബസിൻ്റെ ബ്രേക്ക് പൊട്ടിയതാണ് അപകട കാരണമെന്നാണ് പ്രാഥമിക നിഗമനം.

&&&&&&&&&&&&&&&&&&

RNU TVPM

**അമീബിക്ക് മസ്തിഷ്ക ജ്വരം**

അമീബിക്ക് മസ്തിഷ്ക ജ്വരം തടയാൻ ജല സ്രോതസുകൾ വൃത്തിയായി സൂക്ഷിക്കുന്നതിനായി ആരോഗ്യ വകുപ്പ് വിവിധ വകുപ്പുകളുടെ സഹകരണത്തോടെ ജനകീയ ക്യാമ്പയിൻ ആരംഭിക്കുന്നു. ഇതിന്റെ ഭാഗമായി ശനി, ഞായർ ദിവസങ്ങളിൽ സംസ്ഥാനത്തെ മുഴുവൻ വീടുകളിലേയും സ്ഥാപനങ്ങളിലേയും കിണറുകൾ ക്ലോറിനേറ്റ് ചെയ്യുകയും ജലസംഭരണ ടാങ്കുകൾ തേച്ച് കഴുകി വൃത്തിയാക്കുകയും ചെയ്യണം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ഹരിതകേരളം മിഷൻ, ജലവിഭവ വകുപ്പ് എന്നിവയുടെ നേതൃത്വത്തിലാണ് ജനകീയ ക്യാമ്പയിൻ നടക്കുന്നത്. അതേസമയം തിരുവനന്തപുരം ജില്ലയിൽ ഒരാൾക്ക് കൂടി ഇന്നലെ അമീബിക് മസ്തിഷ്ക ജ്വരം സ്ഥിരീകരിച്ചു. ആറ്റിങ്ങൽ സ്വദേശിക്കാണ് രോഗം സ്ഥിരീകരിച്ചത്. ഇതോടെ ജില്ലയിൽ ഈയിടെ അമീബിക് മസ്തിഷ്ക ജ്വരം സ്ഥിരീകരിച്ചവരുടെ എണ്ണം 5 ആയി.

&&&&&&&&&&&&&&&&&&

**ജനറൽ ആശുപത്രി- ഗൈഡ് വയർ**

തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ 2023 മാർച്ചിൽ ശസ്ത്രക്രിയയ്ക്ക് വിധേയയായ യുവതിയുടെ തൊണ്ടയിൽ ഗൈഡ് വയർ കണ്ടെത്തിയ സംഭവത്തിൽ 2025 ഏപ്രിൽ മുതൽ തന്നെ ആവശ്യമായ നടപടികൾ ആരംഭിച്ചിരുന്നതായി ആരോഗ്യവകുപ്പ് ഡയറക്ടർ ഡോ.റീന കെ.ജെ . ഇത് സംബന്ധിച്ച് ഒരു പരാതിയും ലഭിച്ചിരുന്നില്ലെങ്കിലും, വിഷയം ജനറൽ ആശുപത്രി സൂപ്രണ്ട് ശ്രദ്ധയിൽപെടുത്തിയതിനെ തുടർന്ന് സംഭവം അന്വേഷിക്കാൻ വിദഗ്ധ സമിതിയെ ചുമതലപ്പെടുത്തിയിരുന്നു. ഇതുസംബന്ധിച്ച് പരാതി ലഭിച്ചാൽ അതുകൂടി സമിതിയുടെ പരിഗണനക്ക് വിട്ട് ഉചിതമായ നടപടി സ്വീകരിക്കുമെന്നും ആരോഗ്യവകുപ്പ് ഡയറക്ടർ അറിയിച്ചു.

&&&&&&&&&&&&&&&&&&

**കെ.എസ്.ആർ.ടി.സി**

കെ.എസ്.ആർ.ടി.സിയുടെ ഓണക്കാല സ്പെഷ്യൽ സർവീസുകളിലേക്ക് ഓൺലൈൻ ടിക്കറ്റ് ബുക്കിംഗ് ആരംഭിച്ചു. നാളെ മുതൽ അടുത്ത മാസം 15 വരെ ബാംഗ്ലൂർ, മൈസൂർ, ചെന്നൈ എന്നിവിടങ്ങളിലേക്കാണ് സ്പെഷ്യൽ സർവീസുകൾ. 84 അധിക സർവീസുകളാണ് ഓരോ ദിവസവും ഉണ്ടാവുക. സീറ്റുകൾ ബുക്കിംഗ് ആകുന്നതനുസരിച്ച് കൂടുതൽ ബസ്സുകൾ ഘട്ടം ഘട്ടമായി ക്രമീകരിക്കും.

RNU TVPM

&&&&&&&&&&&&&&&&&&

**കെഎസ്എഫ്ഇ**

കെഎസ്എഫ്ഇ-യുടെ നവീകരിച്ച വെബ്സൈറ്റിൻറെയും മൊബൈൽ ആപ്ലിക്കേഷൻറെയും പ്രകാശനം ധന മന്ത്രി കെ.എൻ. ബാലഗോപാൽ നിർവഹിച്ചു. ചിട്ടി തവണകൾ, വായ്പാ തിരിച്ചടവുകൾ എന്നിവ ഓൺലൈനായി അടയ്ക്കുന്നതിനും, നിക്ഷേപ-വായ്പാ വിവരങ്ങൾ ഒരുമിച്ച് കാണുന്നതിനും ഇതിൽ സൗകര്യമുണ്ട്. പുതിയ ചിട്ടികളെകുറിച്ചുള്ള വിവരങ്ങളും ഇതിലൂടെ ലഭ്യമാവും.

&&&&&&&&&&&&&&&&&&

**ഷാഫി പറമ്പിൽ**

വടകര എംപി ഷാഫി പറമ്പിലിനെ തടഞ്ഞ സംഭവത്തിൽ പത്തോളം DYFI പ്രവർത്തകരെ അറസ്റ്റ് ചെയ്തു ശേഷം സ്റ്റേഷൻ ജാമ്യത്തിൽ വിട്ടയച്ചു. ഇന്നലെ പൊതു ചടങ്ങ് കഴിഞ്ഞു മടങ്ങുന്നതിടെയായിരുന്നു സംഭവം.

&&&&&&&&&&&&&&&&&&

**നെഹ്റു ട്രോഫി ജലോത്സവം (ഇൻട്രോ)**

പ്രസിദ്ധമായ നെഹ്റു ട്രോഫി ജലോത്സവം  പുന്നമടക്കായലിൽ മറ്റന്നാൾ നടക്കും. വള്ളംകളിയുടെ എല്ലാ ഒരുക്കങ്ങളും പൂർത്തിയായി. ആലപ്പുഴയിൽ ശനിയാഴ്ച പ്രാദേശിക അവധിയാണ് .

വിശദാംശങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി ആർ രവികുമാർ.....

(വോയിസ്)

&&&&&&&&&&&&&&&&&&

**മത്സ്യത്തൊഴിലാളികൾ - പ്രതിഷേധം**

വള്ളത്തിന് ഭീമമായ പിഴ ചുമത്തി എന്നാരോപിച്ച് കൊച്ചി വൈപ്പിനിൽ മത്സ്യത്തൊഴിലാളികൾ  പ്രതിഷേധം നടത്തി . ബോട്ടുകൾ വെള്ളത്തിൽ നിരത്തി പ്രതിഷേധിച്ചതോടെ റോ - റോ , കൊച്ചി വാട്ടർ മെട്രോ സർവീസുകൾ തടസ്സപ്പെട്ടു. തുടർന്ന് തൊഴിലാളികളുമായി ഉദ്യോഗസ്ഥർ നടത്തിയ ചർച്ചയിൽ രണ്ടര ലക്ഷം രൂപ പിഴ ഫിഷറീസ് വകുപ്പ് ഒഴിവാക്കിയതോടെയാണ്  പ്രതിഷേധം അവസാനിപ്പിച്ചത്.

&&&&&&&&&&&&&&&&&&

**മഴ**

സംസ്ഥാനത്ത് ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. എറണാകുളം, തൃശൂർ, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. 5 ജില്ലകളിൽ

RNUTVPM

മഞ്ഞ ജാഗ്രതയാണ്. നാളെയും 9 ജില്ലകളിൽ മഞ്ഞ ജാഗ്രത നൽകി. കേരള കർണാടക ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് പോകരുതെന്നും മുന്നറിയിപ്പുണ്ട്.

&&&&&&&&&&&&&&&&&&

കെ സി എൽ

കേരള ക്രിക്കറ്റ് ലീഗിൽ, ഇന്ന് നടന്ന ആദ്യമത്സരത്തിൽ ട്രിവാൻഡ്രം റോയൽസിനെതിരെ കൊച്ചി ബ്ലൂ ടൈഗേഴ്സിനു 9 റൺസ് ജയം. കൊച്ചി ഉയർത്തിയ 192 റൺസ് വിജയലക്ഷ്യം പിന്തുടർന്ന ട്രിവാൻഡ്രത്തിന് നിശ്ചിത ഓവറിൽ 182 റൺസ് നേടാനേ കഴിഞ്ഞുള്ളൂ. വൈകുന്നേരം 6.45 നു നടക്കുന്ന രണ്ടാം മത്സരത്തിൽ ഏരീസ് കൊല്ലം- ആലപ്പി റിപ്പിൾസിനെ നേരിടും.

&&&&&&&&&&&&&&&&&&
&&&&&&&&&&&&&&
&&&&&&&&&

RNU TVPM